# പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 193</u> — <u>05.03.2012 ൽ മറുപടിക്ക്</u>

## സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരണപ്പെട്ടവർ

**ചോദ്യം**
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**
ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

| ചോദ്യം | | മറുപടി |
|---|---|---|
| (എ) സംസ്ഥാനത്ത് 2011-ൽ റോഡപകടങ്ങൾമൂലം എത്ര പേർ മരണപ്പെടുകയുണ്ടായി; | (എ) | 4145 പേർ മരണപ്പെട്ടു. |
| (ബി) സംസ്ഥാനത്ത് വർഷംതോറും റോഡപകടങ്ങളുടെയും അതുവഴി മരണപ്പെടുന്നവരുടെയും എണ്ണം ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നേരിയ വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിന് പരിഹാരമായി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; (ഡി) ഇതിനകം എന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയുണ്ടായോ; എങ്കിൽ വിശദമാക്കുമോ? | (സി)യും (ഡി)യും | വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് റോഡ് സൗകര്യവും പോലീസുകാരുടെ എണ്ണവും വർദ്ധിച്ചിട്ടില്ല എങ്കിലും പോലീസിന്റെ ഭാഗത്തുനിന്നും അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടം സംഭവിക്കുകയാണെങ്കിൽ അതിന്റെ ആഘാതം കുറയ്ക്കുന്നതിനായി അടിയന്തിരവും സമഗ്രവുമായ രക്ഷാപ്രവർത്തനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രാഫിക് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർക്ക് പോലീസ് അക്കാദമി, എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് എന്നിവിടങ്ങളിൽ പ്രത്യേക പരിശീലനം നൽകുകയും പരിശീലനം സിദ്ധിച്ചവരെ ഹൈവേ പട്രോൾ വാഹനങ്ങളിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സംഘടനകളുമായി ചേർന്ന് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചത് കൂടാതെ ദേശീയപാതയോരത്തെ വിദ്യാലയങ്ങളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ട്രാഫിക് ബോധവൽക്കരണത്തിന്റെ ഭാഗമായി റോഡ് സുരക്ഷാ ക്ലാസ്സുകൾ, |

ചോദ്യോത്തര പരിപാടികൾ, ഫോട്ടോ പ്രദർശനം, ലഘുനാടകം എന്നിവ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നുണ്ട്. ഇതിനായി ലഘുലേഖകളും കൈപ്പുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്യുന്നത് കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചാരണവും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി ജില്ലകളിൽ മൊബൈൽ ട്രാഫിക് എഡ്യുക്കേഷൻ പാർക്കുകൾ സ്ഥാപിച്ച് വിദ്യാലയങ്ങളിലും പ്രധാന കവലകളിലും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ ഇതിനായി ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നുണ്ട്. അപകട സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനം നടത്തി പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പരിപാടിയും നടപ്പിലാക്കിവരുന്നുണ്ട്. സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ആൽക്കോമീറ്റർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാലയ പരിസരങ്ങളിൽ വേഗപരിധി ലംഘിക്കൽ, അലക്ഷ്യമായും അമിതവേഗതയിലും വാഹനമോടിക്കൽ, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതെ വാഹനമോടിക്കൽ, ദിശാ സൂചകങ്ങൾ പ്രകാശിപ്പിക്കാതെ വാഹനമോടിക്കൽ, രാത്രി കാലങ്ങളിൽ ഹെഡ്‌ലൈറ്റ് 'ഡിം' ചെയ്യാതെ വാഹനമോടിക്കൽ മുതലായ കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ്/ റദ്ദാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ